പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4338 | 19.10.2011-ൽ മറുപടിക്ക് |
|---|---|

## എൻ.ആർ.ഐ. ബിസിനസ്സ് സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, വർക്കല കഹാർ<br>,, അൻവർ സാദത്ത്<br>,, വി.റ്റി. ബൽറാം | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നോർക്ക വകുപ്പിന്റെ കീഴിലുള്ള എല്ലാ ഏജൻസികളെയും ഒരുമിച്ച് കൊണ്ടുവരുവാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | നോർക്ക വകുപ്പിന്റെ എല്ലാ ഓഫീസുകളും ഒരുമിച്ച് കൊണ്ടുവരുന്നതിലേയ്ക്കായി നോർക്ക വകുപ്പിന്റെ കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സെന്ററിന്റെ ഔദ്യോഗികമായ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2011 സെപ്റ്റംബർ മാസം നിർവ്വഹിച്ചു. ടി ഓഫീസിൽ നോർക്ക-റൂട്ട്സിന്റെ പുതിയ കോൾ സെന്ററിന്റെയും അറ്റസ്റ്റേഷൻ സെന്ററിന്റേയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനോടൊപ്പം നോർക്ക റൂട്ട്സിന്റെ ഹെഡ്ഓഫീസ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ഓഫീസ്, പ്രവാസി ക്ഷേമനിധിയുടെ ഓഫീസുകൾ എന്നിവ നോർക്ക സെന്ററിൽ പ്രവർത്തനമാരംഭിക്കുന്നതാണ്. |
| (ബി) | പ്രവാസി കേരളീയരെ സഹായിക്കുന്നതിന് എൻ.ആർ.ഐ ബിസിനസ്സ് സെന്റർ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | (ബി) | വിദേശത്ത് തൊഴിൽ ചെയ്യുന്ന മലയാളികളുടെ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിലേക്കും, അവരുടെ ബിസിനസ്സ് സംരംഭ ങ്ങൾക്ക് വേണ്ടുന്ന സാങ്കേതിക/സാമ്പത്തിക /നിയമ ഉപദേശങ്ങൾ നൽകുന്നതിനും എൻ.അർ.കെ. ... ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ എടുത്തുവരുന്നു. |
| (സി) | പ്രസ്തുത ബിസിനസ്സ് സെന്റർ എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ? | (സി) | പ്രസ്തുത ബിസിനസ്സ് സെന്റർ തിരുവനന്തപുരത്ത് തൈക്കാട്ടുള്ള നോർക്ക സെന്ററിലാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ